പബ്ലിക് ഹെൽത്ത് നഴ്സ്, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർ, ആശാ വർക്കർമാർ തുടങ്ങിയവർ പങ്കാളികളാണ്. ഇവരുടെ നേതൃത്വത്തിൽ ഊർജ്ജിതമായി പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്.

(സി) മഴക്കാലത്ത് പടർന്നുപിടിക്കുന്ന രോഗങ്ങൾക്കുവേണ്ട മരുന്നുകൾ ഉൾപ്പെടെ 232 മരുന്നുകൾ അടിയന്തര പ്രാധാന്യം നൽകി സമാഹരിച്ചിട്ടുണ്ട്. സർക്കാർ ആശുപത്രിയിൽ വരുന്ന എല്ലാ രോഗികൾക്കും മരുന്നുകൾ സൗജന്യമായാണ് വിതരണം ചെയ്യുന്നത്. മരുന്നുകളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.*

കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ കാരുണ്യ ഡയാലിസിസ് യൂണിറ്റ്

94 (759) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ കാരുണ്യ ഡയാലിസിസ് യൂണിറ്റ് അനുവദിച്ചത് എന്നാണ് ;

(ബി) നാളിതുവരെ പ്രസ്തുത യൂണിറ്റ് പ്രവർത്തനസജ്ജമാക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കുമോ ;

(സി) പ്രസ്തുത യൂണിറ്റ് അടിയന്തരമായി പ്രവർത്തനസജ്ജമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും ?

ഉത്തരം

(എ- സി) G.O.(Rt)No.114/2013/TD dtd. 5-2-2013 പ്രകാരം കാരുണ്യ ഡയാലിസിസ് യൂണിറ്റ് അനുവദിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ ആരോഗ്യവകുപ്പിനുകീഴിലുള്ള 27 സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് സെന്റർ ആരംഭിക്കാനുള്ള അറ്റകുറ്റപ്പണികൾക്കുള്ള എസ്റ്റിമേറ്റ് എടുക്കാൻ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ചുമതലപ്പെടുത്തി. അതിൻപ്രകാരം അറ്റകുറ്റപ്പണികൾക്കുള്ള എസ്റ്റിമേറ്റ് എടുക്കാൻ കോർപ്പറേഷൻ കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-നെ ചുമതലപ്പെടുത്തുകയും അവർ എസ്റ്റിമേറ്റ് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റ് അനുമതിയ്ക്കായി കാരുണ്യ ബെനവലന്റ് ഫണ്ടിൽ ഉടൻ സമർപ്പിക്കുന്നതും അനുമതി ലഭിക്കുന്നമുറയ്ക്ക് പണി ആരംഭിക്കുന്നതുമാണ്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly